വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 1-1-2014-ന മുമ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ച പൊന്നുംവില കേസുകളിൽ തുടർ നടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികളും തുടർന്നുവരുന്നു.

(ബി) 1. കറ്റ്യാടി മണ്ഡലത്തിലെ വേളം കോക്കനട്ട് വ്യവസായ പാർക്കിനുവേണ്ടി 46.5944 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിയായ കെ.എസ്.ഐ.ഡി.സി.-ക്ക് 15-2-2012-ന് കൈമാറിയിട്ടുണ്ട്.

2. കറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ കറ്റ്യാടി, കായക്കൊടി വില്ലേജുകളിലുള്ള 3.2997 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശിപാർശ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുള്ള ഇളവുകൾ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ്

140 (1183) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകാനുള്ള സർക്കാർ തീരുമാനത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ ഉതകുന്ന തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly